# പോലീസ് സ്മൃതി ദിനം - സമാപന സമ്മേളനവും സമ്മാനവിതരണവും നടത്തി






`പോലീസ് കൊമെമ്മറേഷൻ ദിനത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളവും, ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു വരുന്നതിന്റെ ഭാഗമായി ഇന്ന് (21.10.2018) പോലീസ് സ്മൃതി ദിനമായി ആചരിച്ചു.

രാജ്യമെങ്ങും ഒക്ടോബർ 21 നാണ് പോലീസ് സ്മരണാദിനമായി ആചരിക്കുന്നത്. 1959 ലെ ചൈന –ഇന്ത്യ പ്രശ്നത്തിൽ ലഡാക്ക് അതിർഴത്തിൽ വച്ച് വീരമൃത്യു വരിച്ച 10 പോലീസുകാരുടെ സ്മരണാർത്ഥമാണ് എല്ലാ വർഷവും സ്മരണ പുതുക്കൽ ചടങ്ങ് നടത്തുന്നത്. ഓരോ വർഷവും ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന മുഴുവൻ സേനാംഗങ്ങളുടെയും പേരുവിവരവും, വീരമൃത്യുവിനിടയാക്കിയ സംഭവവും രാജ്യത്തെ സേനാംഗങ്ങളെയെല്ലാം അറിയിക്കുന്നതോടൊപ്പം തന്നെ മരണപ്പെട്ടവരെ സ്മരിക്കുന്നതിനും വേണ്ടിയാണ് പോലീസ് കൊമെമ്മറേഷൻ ദിനാചരണം നടത്തുന്നത്. ഇന്ന് (21.10.2018) ആലുവ ശ്രിനാരായണ വിദ്യാനികേതൻ സ്കൂളിന്റെ ഗ്രൗണ്ടിൽ വച്ച് ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിൽ സുത്യർഹമായ പങ്കു വഹിച്ച മണ്മറഞ്ഞ സേനാംഗങ്ങളോടുള്ള ആദരവും, ആത്മാർത്ഥതയും, കൂറും പ്രകടിപ്പിച്ച് കളമശ്ശേരി DHQ വിലെ ഇൻസ്പെക്ടർ അഷ്റഫ് നയിച്ച കൊമെമ്മറേഷൻ പരേഡിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ ആർ നായർ ഐ.പി.എസ് സ്മൃതി മണ്ഡപത്തിൽ പുഷ്പചക്രം അർപ്പിച്ച് അനുസ്മരണ പ്രസംഗം നടത്തി. ആലുവ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എസ്.ദേവമനോഹർ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി രവീന്ദ്രനാഥ്.വി.ജി, ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എസ്.ഉദയഭാനു, ജില്ലാ ക്രൈം റിക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി റെജി അബ്രഹാം.പി, നാർകോട്ടിക് സെൽ ഡി.വൈ.എസ്.പി സോജൻ.എം.ജെ, ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥരും, സ്റ്റുഡന്റെ പോലീസ് കേഡറ്റുകൾ എന്നിവരും പങ്കെടുത്തു.

പോലീസ് കൊമെമ്മറേഷൻ ദിനാചരണത്തിന്റെ ഭാഗമായി 17.10.2018 തീയതി എറണാകുളം റൂറൽ പോലീസ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ രക്ത ദാന ക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. രക്ത ദാന ക്യാമ്പിൽ പോലീസും പൊതുജനങ്ങളും ഉൾപ്പെടെ 232 പേർ രക്തം ദാനംചെയ്തു.

പോലീസ് കോമെമ്മറേഷൻ ദിനത്തിന്റെ ഭാഗമായി 20.10.18 തീയതി പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിച്ച കൂട്ടയോട്ടം വൻ വിജയമായിരുന്നു രാവിലെ 7 മണിക്ക് ആരംഭിച്ച "മിനി മാരത്തോൺ" കൂട്ടയോട്ടം ആലുവ ഈസ്റ്റ്പോലീസ് സ്റ്റേഷൻ പരിസരത്ത് നിന്നും ആരംഭിച്ച് ജില്ലാ പോലീസ് ഓഫീസ് – കാരോത്തുകുഴി – മാർക്കറ്റ് - ബാങ്ക് ജംഗ്ഷൻ - പമ്പ് ജംഗ്ഷൻ വഴി തിരികെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിസരത്ത് അവസാനിച്ചു. ഇതിൽ പൊതുജനങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ,

സ്റ്റുഡന്റെ പോലീസ് കേഡറ്റുകൾ എന്നിവരുൾപ്പെടെ ഏകദേശം 500 ഓളം പേർ കനത്ത മഴ അവഗണിച്ച് പങ്കെടുത്തു.

കൊമെമ്മറേഷൻ ദിനമായ ഇന്ന് വൈകിട്ട് 05.30 മണിക്ക് നടന്ന പോതുയോഗത്തിൽ ജില്ലാ പോലീസ് മേധാവി രാഹുൽ ആർ നായർ ഐ,പി,എസ്, ആലുവ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, പെരുമ്പാവൂർ ഡി.വൈ.എസ്.പി ജി.വേണു, മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ,ബിജു മോൻ, അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എസ്.ദേവമനോഹർ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി രവീന്ദ്രനാഥ്.വി.ജി, ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എസ്.ഉദയഭാനു, ജില്ലാ ക്രൈം റിക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി റെജി അബ്രഹാം.പി, നാർകോട്ടിക് സെൽ ഡി.വൈ.എസ്.പി സോജൻ.എം.ജെ, എന്നിവർ പങ്കെടുത്തു കൊമെമ്മറേഷൻ ദിനാചരണത്തോടനുബന്ധിച്ച് കോളേജ് വിദ്യർത്ഥികൾക്കായി സംഘടിപ്പിച്ച പെയിന്റിംഗ്, പ്രസംഗ മൽസരങ്ങളിലെ വിജയികൾക്ക് സമ്മാനദാനവും നിർവഹിച്ചു.

ആധുനിക ഭാരതവും ആഭ്യന്തര സുരക്ഷയും എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പ്രസംഗ മത്സരത്തിൽ പിരമഠം ബസേലിയോസ് സെക്കൻഡ കോളേജിലെ ആൻസി മാത്യു ഒന്നാംസ്ഥാനവും, നെല്ലിമറ്റം MBITS എഞ്ചിനീറിംഗ് കോളേജിലെ പ്രിയാദത്തൻ, ചൂണ്ടി ഭാരത് മാതാ കോളേജിലെ ഹസീന ബീവി എന്നിവർ രണ്ടും, മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. പ്രളയാനന്തര കേരളം എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പെയിന്റിംഗ് മത്സരത്തിൽ പമ്പാകുട MGM എഞ്ചിനീറിംഗ് കോളേജിലെ ഹേമന്ദ് ഹരിദാസ് ഒന്നാംസ്ഥാനവും, ചാലാക്ക ശ്രീനാരായണ ഇൻസ്റ്റിറ്റുട്ട് ഓഫ് മെഡിക്കൽ സയൻസിലെ ആര്യ.റ്റി, മുളംതുരുത്തി നിർമല ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബേസിൽ.പി.പി എന്നിവർ രണ്ടും, മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. മിനി മാരത്തോണിൽ സ്റ്റുഡന്റെ പോലീസ് കേഡറ്റുകളായ വിജേഷ് രാജു, ജെസ്സി ജോഷി എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങളും, ചെങ്ങമനാട് പോലീസ് സ്റ്റേഷനിലെ SCPO രാജേഷ് കുമാർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മറ്റു വിഭാഗങ്ങളിൽ CPO രഞ്ജിത്ത്.എസ്, CPO മനോജ് ഫ്രാൻസിസ്, ശ്രീ.സിദ്ദിഖ് കുട്ടമശ്ശേരി, ശ്രീ.ഷിഹാബ് മഞ്ഞപ്പെട്ടി, എസ്,ഐ.ഫൈസൽ പി.എ), SPC അശ്വിൻ മൂക്കന്നൂർ, CPO പ്രസാദ്. WCPO കെ.പി, ലിഷ എന്നിവർ സമ്മാനർഹാരായി. ഇതോടനുബന്ധിച്ച് അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എസ്.ദേവമനോഹർ രചിച്ച അനുസ്മരണ ഗാനത്തിന്റെ ഓഡിയോ സി,ഡി പ്രകാശനവും നടന്നു.